റോഡുകൾ പുനരുദ്ധാരണം ചെയ്യേണ്ടവയാണെന്നു കാണുകയും ചെയ്തു. ഇതിൽ അടിയന്തിരമായി വികസനമാവശ്യമായ 1000 കി.മീ. റോഡിന്റെ വിശദ മായ പ്രോജക്ട് റിപ്പോർട്ടുകളും ഡിസൈനുകളും തയ്യാറായിവരുന്നു. ഈ പദ്ധതി ലോക ബാങ്കിന്റെ സഹായത്തോടെ നടപ്പാക്കാനാണുദ്ദേശിക്കുന്നത്. ദേശീയ പാതകളുടെ വികസനത്തിനായി 1998-99-ലെ വാർഷിക പദ്ധതിയിൽ 152.10 കോടി രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. റോഡുകൾ റബ്ബറൈസ് ചെയ്യാനും നടപടി ആരംഭിച്ചിട്ടുണ്ട്.

(സി) റോഡ് വികസനത്തിൽ ഇന്നനുഭവപ്പെടുന്ന പ്രതിസന്ധികൾക്ക് ഒരളവുവരെ പരിഹാരം കണ്ട് റോഡുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് പുതിയ പദ്ധതികൾ കൊണ്ടുദ്ദേശിക്കുന്നത്.

(ഡി) രണ്ടായിരാമാണ്ടിൽ പല പുതിയ സാങ്കേതിക വിദ്യകളും റോഡു നിർമ്മാണ രംഗത്ത് പ്രയോഗത്തിൽ വരുത്താൻ ഉദ്ദേശിക്കുന്നു. അതിൽ പ്രധാന പ്പെട്ടതാണ് റോഡ് റബ്ബറൈസേഷൻ. സംസ്ഥാനത്തെ പ്രധാനപ്പെട്ട റോഡുകളെ യെല്ലാം ഘട്ടംഘട്ടമായി റബ്ബറൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

122 (512) അറ്റകുറ്റപ്പണികൾ അത്യാവശ്യമായ ഗ്രാമീണ റോഡുകൾ

ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അറ്റകുറ്റപ്പണികൾ അത്യാവശ്യമായ ഗ്രാമീണ റോഡുകൾ എത്ര;

(ബി) ഇവയുടെ ജില്ലതിരിച്ചുള്ള ദൈർഘ്യത്തിന്റെയും പണികൾ നടത്താനുള്ള ചെലവിന്റെയും കണക്ക് വെളിപ്പെടുത്തുമോ;

(സി) ഗ്രാമീണ റോഡുകളുടെ അറ്റകുറ്റ പണികൾക്കുവേണ്ടി കൂടുതൽ തുക അനുവദിക്കണമെന്ന് സംസ്ഥാന സന്ദർശിച്ച 11-ാം ധനകാര്യ കമ്മീഷന് സർക്കാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പഞ്ചായത്തീരാജ് ആക്ട് പ്രകാരം ഗ്രാമീണ റോഡുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലാണ്. ടി ആക്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമീണ റോഡുകളിൽ അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടി ല്ല. പണി നടന്നുകൊണ്ടിരിക്കുന്ന ഗ്രാമീണ റോഡുകൾ പണി പൂർത്തിയാകുന്ന മുറയ്ക്ക് അതാത് പഞ്ചായത്തിന് കൈമാറുകയും ചെയ്യുന്നുണ്ട്.

(ബി)-(ഡി) ബാധകമല്ല.

113 (514) റോഡുകളുടെ ശോച്യാവസ്ഥ

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാ ഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ ശോച്യാവസ്ഥയെ സംബന്ധിച്ച് ജനങ്ങൾക്കുള്ള പരാതി ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

1018/2010

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അത്തരം റോഡുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ;

(സി) റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) ചില റോഡുകളെ സംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉപരിതലം പുതുക്കൽ, ഓർഡിനറി റിപ്പയർ, സ്പെഷ്യൽ റിപ്പയർ, വെള്ളപ്പൊക്കക്കെടുതി നിവാരണം, ട്രാഫിക് സേഫ്ടി വർക്ക് എന്നിവയ്ക്ക് ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ള തുകയ്ക്കനുസൃതമായി മുൻഗണനയനുസരിച്ച് പണികൾ ചെയ്തുവരുന്നു. മിക്ക പണികളും ഇതിനകം പൂർത്തിയായിട്ടുണ്ട്. ഇവയ്ക്ക് പുറമെ റോഡിലുണ്ടാകുന്ന കുഴികൾ അപ്പപ്പോൾ തന്നെ അടയ്ക്കുന്നതിന് വേണ്ട പ്രത്യേക നിർദ്ദേശവും നൽകിയിട്ടുണ്ട്.

114 (516) കാട്ടാമ്പള്ളി - കണ്ണാടിപ്പറമ്പ് സ്റ്റെപ്പ് റോഡ്

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കാട്ടാമ്പള്ളി - കണ്ണാടിപ്പറമ്പ് സ്റ്റെപ്പ് റോഡ് ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം അനുകൂലമായി പരിഗണിക്കുമോ;

(സി) ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) ഇല്ല.

115 (517) റോഡുകളുടെ അഭിവൃദ്ധിപ്പെടുത്തൽ

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ അഭിവൃദ്ധിപ്പെടുത്തൽ പണികൾക്കായി ബഡ്ജറ്റിൽ തുക വകകൊള്ളിച്ച് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിച്ചതിന് സ്പെഷ്യൽ സാംഗ്ഷൻ ലഭിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ;

(ബി) സ്പെഷ്യൽ സാംഗ്ഷൻ നൽകുന്നതിൽ എന്തെങ്കിലും നിയന്ത്രണം നിലവിലുണ്ടോ?

ഉത്തരം

(എ)&(ബി) മതിയായ ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്തതുകൊണ്ടാണ് ഭരണാനുമതിലഭിച്ച പല ജോലികൾക്കും പ്രത്യേകാനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly